


पि .एन .पणिक्कर फौंनडेषन

**P.N. PANICKER FOUNDATION**

പി.എൻ. പണിക്കർ ഫൗണ്ടേഷൻ

509, Sangeeth Nagar, Thycaud, Thiruvananthapuram - 695 014

Phone : 2328560, 2322426, 2724944, 2332426

Mobile : 94470-64944 Fax : 0471-2322426

Website : www.pnpanicker.org e-mail : kedesindia@yahoo.com


No. PNPF/KRL/GEN/101/2016-17/ 03-06-2016

പ്രിയ സുഹൃത്തെ,

പി.എൻ. പണിക്കർ അനുസ്മരണാർത്ഥം സംസ്ഥാന സർക്കാരിന്റയും പി.എൻ. പണിക്കർ ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ ആരംഭിക്കുന്ന 21-ാമത് വായനദിന-വാചാരണം ഇക്കൊല്ലം ജൂൺ 19 ന് തുടങ്ങി ജൂൺ 25 വരെ വിവിധ പരിപാടികളോടെ സംഘടിപ്പിക്കുന്നു. ജൂൺ 19 ഞായറാഴ്ച ആയതിനാൽ സ്കൂൾതലത്തിലുള്ള വായനദിനാഘോഷം 20-ാം തീയതി രാവിലെ 10 മണിക്ക് സംഘടിപ്പിക്കുന്നു. എന്നാൽ ജില്ലാതലത്തിൽ 19-ാം തീയതി പ്രാദേശിക ജൻ വിജ്ഞാൻ യാത്രയോടെ വായനദിനം ആഘോഷിക്കുകയും വാരാചരണത്തിന് തുടക്കം കുറിക്കുകയും ചെയ്യാം. സർക്കാർ മിനിറ്റ്സിന്റെ കോപ്പി ഇതോപ്പം. ഈ കോപ്പി കാണിച്ച് കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ സഹായത്തോടെ ആഘോഷ കമ്മിറ്റി കൂടാവുന്നതാണ്.

ജൂൺ 11-ന് രണ്ടാം ശനിയാഴ്ച ജില്ലാതല ക്വിസ് മത്സരം. മത്സരം സംഘടിപ്പിക്കുവാൻ വേണ്ട എല്ലാ സജ്ജീകരണങ്ങളും മുൻ വർഷങ്ങളിലെപ്പോലെ ചെയ്യുമെന്ന് ആശിക്കുന്നു. ചോദ്യ പേപ്പർ 10-ാം തീയതി രാവിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ എത്തുന്നതാണ്. ജൂൺ 19-ന് കനകക്കുന്ന് കൊട്ടാരത്തിൽ രാവിലെ 10 മണിക്ക് സംസ്ഥാനതല മത്സരം നടക്കുന്നു.

ജൂൺ 19-ാം തീയതി മുതൽ 18 വരെ ഒരാഴ്ചക്കാലം എല്ലാ ജില്ലകളിലും ഏഴ്/എട്ട് പഞ്ചായത്തുകളും നഗരവും കേന്ദ്രീകരിച്ച് ജൻ വിജ്ഞാൻ വികാസ് യാത്ര സംഘടിപ്പിക്കുന്നു. ഈ യാത്ര ഒരു ദിവസം ഏറ്റവും കുറഞ്ഞത് 20 മുതൽ 25 വരെ കോർണർ മീറ്റിംഗുകൾ സംഘടിപ്പിച്ച് സാമാന്യജനങ്ങളിൽ ഇ-സാക്ഷരതയുടെയും വായനദിന-വാരാചരണത്തിന്റെയും ഉദ്ദേശ ലക്ഷ്യങ്ങൾ എത്തിക്കേണ്ടിയി രിക്കുന്നു. 14 ജില്ലകളിലും ഒരേ രീതിയിലുള്ള വാഹനങ്ങളും പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നത്. എല്ലാ ജില്ലകളിലും പി.എൻ. പണിക്കർ ഫൗണ്ടേഷന്റെ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിലാണ് യാത്ര. അതിനാൽ ജില്ലാ കമ്മിറ്റി കൂടുതൽ സജീവമാക്കേണ്ടതുണ്ട്.

കമ്മിറ്റി കൂടി യാത്രയുടെ വിവിധ വശങ്ങളും യാത്ര ക്യാപ്റ്റനേയും യാത്ര ചെലവുകളെക്കുറിച്ചും വ്യക്തമായ ധാരണയുമുണ്ടാക്കണം. ജൂൺ 20-ന് വായനദിന-വാരാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റേയും ജില്ലാ കളക്ടറുടേയും പങ്കാളിത്തത്തിൽ. മുൻ വർഷങ്ങളിലെപ്പോലെ ജില്ലാതല വായനദിന-വാരാചരണക്കമ്മിറ്റിയുടേയും പി.എൻ. പണിക്കർ ഫൗണ്ടേഷൻ ജില്ലാതല കമ്മിറ്റിയുടേയും ആഭിമുഖ്യത്തിൽ. ജൂൺ 20 മുതൽ 25 വരെ എല്ലാ ജില്ലകളിലും ഏറ്റവും കുറഞ്ഞത് 100 വായനദിന-വാരാചരണ പൊതുയോഗങ്ങൾ സ്കൂളുകൾ, ഗ്രന്ഥശാലകൾ, പഞ്ചായത്ത് എന്നിവ കേന്ദ്രീകരിച്ച് നടപ്പിലാക്കണം. ജൂൺ 19 ന് എല്ലാ ജില്ലകളിലും ഒരേ സമയത്ത് വിളംബര ഘോഷയാത്രയുടെ ഉദ്ഘാടനം ജില്ലയിൽ 19-ാം തീയതി ലഭ്യമാകുന്ന മന്ത്രിയോ, എം.പിയോ, എംഎൽഎയുടെയോ മേൽനോട്ടത്തിലായിരിക്കണം.

വായനദിന-വാരാചരണത്തിന്റെ ബജറ്റ് ഇതോടൊപ്പം. ഇതനുസരിച്ചുള്ള സാമ്പത്തികം ലഭ്യമാക്കുന്നതാണ്. കൂടുതൽ തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്താം.

വായനദിന-വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അധ്യക്ഷതയിൽ ജൂൺ 19-ന് വൈകുന്നേരം 4 മണിക്ക് കനകക്കുന്ന് കൊട്ടാരത്തിൽ കൂടുന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ കേരള ഗവർണർ ജസ്റ്റിസ് പി. സദാശിവം നിർവ്വഹിക്കുന്നതാണ്.

താങ്കളുടെ ഉപദേശ നിർദ്ദേശങ്ങളും സജീവ പങ്കാളിത്തവും ക്ഷണിച്ചുകൊള്ളുന്നു.

സ്നേഹപൂർവ്വം

**എൻ.ബാലഗോപാൽ**
വൈസ് ചെയർമാൻ

ഉള്ളടക്കം :

# വായനദിന–വാരാചരണം 2016

## ജില്ലാതല വായന ക്വിസ്

| | | |
|---|---|---|
| സ്കൂൾ ഹാൾ വാടക | - | സൗജന്യം |
| മൈക്ക് സെറ്റ് സ്കൂൾ വക | - | സൗജന്യം |
| ക്വിസ് മാസ്റ്റർ | - | 500 രൂപ |
| രണ്ട് അധ്യാപകർ (പേപ്പർ വാല്യൂവേഷൻ (250 x 2) | - | 500 രൂപ |
| കുട്ടികൾക്ക് സ്വീറ്റ്സ്, ചായ | - | 1,000 രൂപ |
| ഫോട്ടോ | - | 500 രൂപ |
| സ്റ്റേഷനറി | - | 500 രൂപ |
| കോ-ഓർഡിനേറ്റർ അലവൻസ് | - | 1,000 രൂപ |
| മറ്റ് ചിലവുകൾ | - | 500 രൂപ |
| **ക്വിസ് മത്സര സമ്മാനം** | | |
| ഒന്നാം സമ്മാനം (പുസ്തകവും ക്യാഷും ഉൾപ്പെടെ) | - | 2,000 രൂപ |
| രണ്ടാം സമ്മാനം (പുസ്തകവും ക്യാഷും ഉൾപ്പെടെ) | - | 1,200 രൂപ |
| മൂന്നാം സമ്മാനം (പുസ്തകവും ക്യാഷും ഉൾപ്പെടെ) | - | 600 രൂപ |
| | | **8,300 രൂപ** |

## ജൻ വിജ്ഞാൻ വികാസ് യാത്ര

| | | |
|---|---|---|
| യാത്ര ക്യാപ്റ്റൻ (ഒരു ദിവസം ആഹാരം താമസം ഉൾപ്പെടെ 7 ദിവസത്തേയ്ക്ക് - 1000 x 7) | - | 7,000 രൂപ |
| യാത്ര സഹായി ഒരു ദിവസം ആഹാരം താമസം ഉൾപ്പെടെ 7 ദിവസത്തേയ്ക്ക് - 700 x 7) | - | 4,900 രൂപ |
| മറ്റ് ചെലവുകൾ 7 ദിവസത്തേയ്ക്ക് | - | 1,000 രൂപ |
| | | **12,900 രൂപ** |

വണ്ടിയുടെ ഡീസൽ, ജനറേറ്ററിലെ മണ്ണെണ്ണ, ഡ്രൈവറുടേയും ക്ലീനറുടേയും ബാറ്റ, ശമ്പളം എന്നിവ ഹെഡ് ഓഫീസിൽനിന്നും നൽകുന്നു. കൂടാതെ യാത്ര പര്യാടനം നടത്തുന്ന പഞ്ചായത്തുകളിൽനിനും യാത്ര ടീമിലെ പരമാവധി 6 പേർക്ക് സൗജന്യമായി ഭക്ഷണം നൽകുവാനും ഡ്രൈവർക്കും ക്ലീനർക്കും പഞ്ചായത്തിൽ സൗജന്യമായി തങ്ങുവാനുള്ള സഹായം അഭ്യർത്ഥിക്കണം.

## വായനദിന-വാരാചരണ ചെലവുകൾ

ഉദ്ഘാടന ദിവസം നോട്ടീസ്, മൈക്ക്, മറ്റ് ചെലവുകൾ പി.ആർ.ഡി നിർവ്വഹിക്കും.

| | | |
|---|---|---|
| 7 ദിവസത്തെ സ്കൂളുകളിലും മറ്റും നടക്കുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ചെലവുകൾ | - | 1,000 രൂപ |
| കോ-ഓർഡിനേറ്ററുടെ അലവൻസ് (7 ദിവസത്തേയ്ക്ക് 500 രൂപ വീതം) | - | 3,500 രൂപ |
| ചിത്ര രചനാ മത്സരം (മാസ്റ്റർ) | - | 500 രൂപ |
| ഫോട്ടോ | - | 500 രൂപ |
| മറ്റ് ചിലവുകൾ | - | 500 രൂപ |
| | | **6,000 രൂപ** |

**ആകെ തുക (8,300+12,900+6,000) = 27,200 രൂപ**

* 2015-ൽ ജൻ വിജ്ഞാൻ വികാസ് യാത്ര സംഘടിപ്പിച്ച് വിജയിച്ച ജില്ലകളിൽ മാത്രമേ യാത്ര സംഘടിപ്പിക്കുന്നുള്ളു

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം: 6647/ജി3/16/പൊവിവ

തിരുവനന്തപുരം
തീയതി, 25/04/2016

പ്രേക്ഷിതൻ

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ഡോ. എം.ആർ.തമ്പാൻ –ബോർഡ് അംഗം, പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര

ശ്രീ. ഡോ. പി. അൻവർ –ബോർഡ് അംഗം, പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര.

ശ്രീമതി. ജോളി ജേക്കബ് –ബോർഡ് അംഗം, പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര

ശ്രീ. എൻ. ബാലഗോപാൽ–വൈസ് ചെയർമാൻ, പി.എൻ. പണിക്കർവിജ്ഞാൻ വികാസ് കേന്ദ്ര

ശ്രീ. ടി.പി. ശ്രീനിവാസൻ IFS – വൈസ് ചെയർമാൻ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ

അഡീഷണൽ ചീഫ് സെക്രട്ടറി – ധനകാര്യ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി – പഞ്ചായത്ത് വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി – ഐ.ടി. വകുപ്പ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

| | |
|---|---|
| ഡയറക്ടർ | - ഇൻഫർമേഷൻ & പി.ആർ.ഡി |
| ഡയറക്ടർ | - ഹയർ സെക്കന്ററി എഡ്യൂക്കേഷൻ |
| ഡയറക്ടർ | - ടെക്നിക്കൽ എഡ്യുക്കേഷൻ |
| ഡയറക്ടർ | - പഞ്ചായത്ത് ഡയറക്ടറേറ്റ് |
| ഡയറക്ടർ | - കൊളീജിയറ്റ് എഡ്യുക്കേഷൻ |
| ഡയറക്ടർ | - സാക്ഷരതാ മിഷൻ |
| സെക്രട്ടറി | - കേരള ഗ്രന്ഥശാല സംഘം |

സർ,

വിഷയം: പൊതുവിദ്യാഭ്യാസം: പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെയും ബോർഡ് ഓഫ് മാനേജ്മെന്റിന്റെയും സംസ്ഥാന തല വായനാദിന - വാരാചരണ സംഘാടക കമ്മിറ്റിയുടേയും സംയുക്ത യോഗത്തിന്റെ നടപടിക്കുറിപ്പ്- സംബന്ധിച്ച്.

സൂചന: 18/02/2016 ലെ സംയുക്ത യോഗത്തിന്റെ നടപടിക്കുറിപ്പ്.

2016 ഫെബ്രുവരി 18 വ്യാഴാഴ്ച ഉച്ചയ്ക്ക് 11.30 മണിയ്ക്ക് നിയമസഭ മന്ദിരത്തിലെ വിദ്യാഭ്യാസ മന്ത്രിയുടെ ചേമ്പറിൽ കൂടിയ സംസ്ഥാനതല വായനാദിന - വാരാചരണ കമ്മിറ്റിയുടേയും, പി.എൻ. പണിക്കർ

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം: 6647/ജി3/16/പൊവിവ

തിരുവനന്തപുരം
തീയതി, 27/04/ 2016

പ്രേക്ഷിതൻ

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ശ്രീ. എം. എ. ബേബി എം.എൽ.എ
ശ്രീ. പാലോട് രവി. എം.എൽ.എ
ശ്രീ. പന്ന്യൻ രവീന്ദ്രൻ Ex.MP
ശ്രീ. എം. വിജയകുമാർ (മുൻ മന്ത്രി)

സർ,

വിഷയം: പൊതുവിദ്യാഭ്യാസം: പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെയും ബോർഡ് ഓഫ് മാനേജ്മെന്റിന്റെയും സംസ്ഥാന തല വായനാദിന- വാരാചരണ കമ്മിറ്റിയുടെയും സംയുക്ത യോഗത്തിന്റെ നടപടിക്കുറിപ്പ് - സംബന്ധിച്ച്.

സൂചന: 18/02/2016 ലെ സംയുക്ത യോഗത്തിന്റെ നടപടിക്കുറിപ്പ്.

2016 ഫെബ്രുവരി 18 വ്യാഴാഴ്ച ഉച്ചയ്ക്ക് 11.30 മണിയ്ക്ക് നിയമസഭ മന്ദിരത്തിലെ വിദ്യാഭ്യാസ മന്ത്രിയുടെ ചേമ്പറിൽ കൂടിയ സംസ്ഥാനതല വായനാദിന - വാരാചരണ കമ്മിറ്റിയുടേയും, പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര ബോർഡ് ഓഫ് മാനേജ്മെന്റിന്റെയും സംയുക്ത യോഗത്തിന്റെ മിനിറ്റ്സ് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

എസ്. ശരത് ചന്ദ്രൻ
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി

# വായനദിന വാരാചരണം-2016

**2016 ഫെബ്രുവരി 18 വ്യാഴാഴ്ച ഉച്ചയ്ക്ക് 11.30 മണിക്ക് നിയമസഭ മന്ദിരത്തിലെ വിദ്യാഭ്യാസ മന്ത്രിയുടെ ചേമ്പറിൽകൂടിയ സംസ്ഥാനതല വായനദിന-വാരാചരണ കമ്മിറ്റിയുടേയും, പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര ബോർഡ് ഓഫ് മാനേജ്മെന്റിന്റേയും സംയുക്തയോഗത്തിന്റെ മിനിറ്റ്സ്**

വിദ്യാഭ്യാസ മന്ത്രിയും പി. എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര ചെയർമാനുമായ ശ്രീ. പി.കെ. അബ്ദുറബ്ബ് അദ്ധ്യക്ഷത വഹിച്ചു.

1) കഴിഞ്ഞ 20 വർഷങ്ങളായി പി.എൻ. പണിക്കർ അനുസ്മരണാർത്ഥം ജൂൺ 19-ന് സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ വിജയകരമായി നടത്തിവരുന്ന വായനദിനവും 19 മുതൽ 25 വരെയുള്ള വായനവാരവും സംസ്ഥാന സർക്കാർ, വിദ്യാഭ്യാസ വകുപ്പ്, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, പഞ്ചായത്ത് വകുപ്പ്, പി.എൻ. പണിക്കർ ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെ ഈ വർഷവും പൂർവ്വാധികം ഭംഗിയായി സംസ്ഥാനത്തുടനീളം നടത്തുവാൻ യോഗം തീരുമാനിച്ചു.

2) **'വായിച്ചു വളരുക-ചിന്തിച്ചു വിവേകം നേടുക'** എന്ന സന്ദേശം ജനങ്ങളിൽ, വിശിഷ്യാ കുട്ടികളിൽ, ഹൃദിസ്ഥമാക്കുവാൻ എല്ലാ സ്കൂളുകളിലും, കോളേജുകളിലും, ഓഫീസുകളിലും, പൊതുസ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും സാമാന്യജനങ്ങളുടെയും തൊഴിലാളികളുടെയും കർഷകരുടെയും പങ്കാളിത്തത്തിൽ വായനദിന പ്രതിജ്ഞ ചൊല്ലുന്നതിനുള്ള ഉചിതമായ പരിപാടികൾ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും അതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ജനറൽ കൺവീനർമാരായ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവി, ശ്രീ. പന്ന്യൻ രവീന്ദ്രൻ, ശ്രീ. എം. വിജയകുമാർ, ശ്രീ. എൻ. ബാലഗോപാൽ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

3) ഈ വർഷം ജൂൺ 19-ാം ഞായറാഴ്ചയും പ്രവൃത്തിദിവസവും അല്ലാത്തതിനാൽ **'വായിച്ചു വളരുക'** എന്ന സന്ദേശം വിദ്യാർത്ഥികളിൽ ഹൃദിസ്ഥമാക്കുവാൻ എല്ലാ സ്കൂളുകളിലും, കോളേജുകളിലും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും സാന്നിദ്ധ്യത്തിൽ വിദ്യാർത്ഥികളുടെ വായനദിന പ്രതിജ്ഞയും ജൂൺ 20-ാം തീയതി രാവിലെ പ്രത്യേക അസംബ്ലി വിളിച്ചുകൂട്ടി ക്രമീകരിക്കുവാനും അതിനുവേണ്ട പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശവും മറ്റ് സംവിധാനങ്ങളും ചെയ്യുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറേയും, കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേയും യോഗം ചുമതലപ്പെടുത്തി.

4) ജൂൺ 20 മുതൽ 25 വരെ വായന പരിപോഷിപ്പിക്കാനുതകുന്ന വിവിധ കർമ്മ പരിപാടികൾ പ്രധാന അധ്യാപകരുടെ നേതൃത്വത്തിൽ പിടിഎ-യുടെ പങ്കാളിത്തത്തിൽ. നടത്തുവാനുള്ള പ്രവർത്തനങ്ങൾക്ക് ഒദ്യോഗിക സർക്കുലർ തയ്യാറാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറേയും കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേയും യോഗം ചുമതലപ്പെടുത്തി.

5) വായിച്ചു വളരുക-ചിന്തിച്ചു വിവേകം നേടുക എന്ന സന്ദേശം എല്ലാ ഗ്രാമീണർക്കും പ്രത്യേകിച്ച് ഏറ്റവും താഴെക്കിടയിലുള്ള സമൂഹത്തിനും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ വായനദിനവാരാചരണം കഴിഞ്ഞവർഷത്തെപ്പോലെ കേരളത്തിലെ ആയിരത്തോളം വരുന്ന പഞ്ചായത്തുകളിൽകൂടി ആചരിക്കണമെന്ന് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. ഇത് ഫലപ്രദമാക്കുവാൻ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് വകുപ്പ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

6) ജൂൺ 19-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ടാഗോർ തീയേറ്റർ / കനകക്കുന്ന് കൊട്ടാരം / യൂണിവേഴ്സിറ്റി സെനറ്റ് ഹാൾ എന്നിവയിലോ, ഉചിതമായ മറ്റേതെങ്കിലും വേദിയിലോ തിരുവനന്തപുരം ജില്ലയിലെ പരമാവധി സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വായനദിന-വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തുവാൻ തീരുമാനിക്കുകയും ഇതിനുവേണ്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറേയും വായനദിന-വാരാചരണ കമ്മിറ്റി ജനറൽ കൺവീനർമാരേയും യോഗം ചുമതലപ്പെടുത്തി.

7) സംസ്ഥാനതല വായനദിന-വാരാചരണം സംഘടിപ്പിക്കുവാൻ ടാഗോർ തീയേറ്റർ / കനകക്കുന്ന് / സെനറ്റ് ഹാൾ എന്നിവയിൽ ഏതെങ്കിലും ഒന്ന് ലഭ്യമാക്കുവാനും പരിപാടികൾ പ്രൗഢഗംഭീരമാക്കുവാൻ വേണ്ട നടപടികൾക്ക് നേതൃത്വം നൽകുവാനും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

8) പൊതു സമ്മേളനത്തിൽ തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിൽനിന്നും ഒരു വിദ്യാർത്ഥിയേയും ഒരു വിദ്യാർത്ഥിനിയേയും വായനയിൽകൂടി നേടിയ അനുഭവങ്ങൾ അവതരിപ്പിക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

9) ഗുരുവന്ദനത്തിന്റെ ഭാഗമായി നാല് ശ്രേഷ്ഠരായ അധ്യാപകരെ കണ്ടെത്തി ഉദ്ഘാടന ചടങ്ങിൽ ആദരിക്കുവാൻ ജനറൽ കൺവീനർമാരെ യോഗം ചുമതലപ്പെടുത്തി.

10) സംസ്ഥാനതല ഉദ്ഘാടന യോഗത്തിലും ജില്ലാതല ഉദ്ഘാടന യോഗത്തിലും കഥ, കവിത, പ്രസംഗം, പദ്യപാരാണം, ഉപന്യാസം എന്നീ ഇനങ്ങളിൽ ജില്ലാതല സ്കൂൾ കലോത്സവത്തിലെ ഒന്നാം സമ്മാനം ലഭിച്ച വിദ്യാർത്ഥികളെ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുവാനും തിരുമാനിച്ചു. കുട്ടികളെ കണ്ടെത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

11) വായനദിന-വാരാചരണത്തിന്റെ ഭാഗമായി കഴിഞ്ഞ ഏഴുവർഷമായി സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെയും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ചുവരുന്ന വായന ക്വിസ് മത്സരം ജൂൺ 2-ാം ശനിയാഴ്ച (11-ാം തീയതി) ജില്ലാതലത്തിലും ജൂൺ 19-ാം തീയതി ഞായറാഴ്ച തിരുവനന്തപുരത്തുവച്ച് സംസ്ഥാനതലത്തിലും നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെയും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടറേയും യോഗം ചുമതലപ്പെടുത്തി.

12) വായനദിന-വാരാചരണം, വായന ക്വിസ് പ്രോഗ്രാം, വായന പ്രോത്സാഹിപ്പിക്കുന്ന ഇതര പരിപാടികൾ മുതലായവ ഉൾപ്പെടുത്തി വിക്ടേഴ്സ് ചാനലിൽ പ്രത്യേക പരിപാടികൾ ജൂൺ 1 മുതൽ 30 വരെ പ്രക്ഷേപണം ചെയ്യുവാൻ തീരുമാനിക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഐറ്റി @ സ്കൂൾ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തുകയും ചെയ്തു.

13) സാഹിത്യരചന (കവിത, കഥ, ലേഖനം, നിരൂപണം, സാഹിത്യ ആസ്വാദനം) എന്നിവ പ്രോത്സാഹിപ്പിക്കുവാനും അതുവഴി കുട്ടികളുടെ സർഗവാസന വളർത്തുന്നതിനുമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന, ഓരോ ജില്ലകളിൽനിന്നും നാലു കുട്ടികളെവീതം പങ്കെടുപ്പിച്ചുകൊണ്ട് തിരുവനന്തപുരത്ത് ക്രമീകരിക്കുന്ന ചതുർദിന റസിഡൻഷ്യൽ ക്യാമ്പ് നടത്തുവാൻ തീരുമാനിക്കുകയും ഉചിതമായ നടപടികൾ കൈക്കൊള്ളുവാൻ ജനറൽ കൺവീനർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു.

14) വായനദിന-വാരാചരണത്തിന്റെ ഭാഗമായി പി,എൻ. പണിക്കരുടെ ചിത്രത്തോടുകൂടിയ **'വായിച്ചു വളരുക'** പോസ്റ്റർ ഒരുലക്ഷം കോപ്പി അച്ചടിച്ച് മുൻ വർഷങ്ങളിലെപ്പോലെ പി.എൻ.പണിക്കർ ഫൗണ്ടേഷനെ ഏല്പിക്കുവാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

15) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് വഴി ലഭ്യമാകുന്ന ഒരു ലക്ഷം പോസ്റ്റർ കൊറിയർ മാർഗ്ഗം സംസ്ഥാനത്തെ വിദ്യാഭ്യാസ ജില്ലകൾ, പഞ്ചായത്തുകൾ, പൊതുസ്ഥാപനങ്ങൾ, കളക്ടറേറ്റ് എന്നിവടങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിലെപ്പോലെ പി.എൻ. പണിക്കർ ഫൗണ്ടേഷനെ എല്പിക്കുവാനും കൊറിയർ ചാർജ്ജ് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് വഹിക്കുവാനും യോഗം തീരുമാനിക്കുകയുണ്ടായി.

16) **'വായിച്ചു വളരുക'** പോസ്റ്ററുകൾ എല്ലാ സ്കൂളുകളിലും, കോളേജുകളിലും, പഞ്ചായത്തുകളിലും, ഗ്രന്ഥശാലകളിലും മറ്റു പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കുവാൻ വേണ്ട നിർദ്ദേശം നൽകുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ, കൊളിജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരെ യോഗം ചുമതലപ്പെടുത്തുകയും ഇതിന്റെ പൂർണ ഉത്തരവാദിത്വം പി.എൻ. പണിക്കർ ഫൗണ്ടേഷൻ ഏറ്റെടുക്കണമെന്നും തീരുമാനിച്ചു.

17) ജൂൺ 19-ന് ആചരിക്കുന്ന വായനദിന-വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തിന്റെ പത്രപരസ്യം പി.എൻ. പണിക്കരുടെ ചിത്രവും വായിച്ചു വളരുക സന്ദേശവും ഉൾപ്പെടുത്തി മുൻ വർഷങ്ങളിലെപ്പോലെ എല്ലാ മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുവാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

18) വായനദിന-വാരാചരണത്തിന്റെ ഭാഗമായി, വിവിധ സർക്കാർ ഏജൻസികളുടെയും പ്രസാധകരുടെയും പങ്കാളിത്തത്തിൽ ജൂൺ 19 മുതൽ 25 വരെ തിരുവനന്തപുരം വി.ജെ.ടി. ഹാൾ /കനകക്കുന്ന് കൊട്ടാരം എന്നിവയിൽ ഒരിടത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന പുസ്തക-ഖാദി ഗ്രാമവ്യവസായ-കുടുംബശ്രീ ഉല്പന്ന പ്രദർശന വില്പന സംഘടിപ്പിക്കുവാനും ഇതിന്റെ ക്രമീകരണങ്ങൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പു വഴി നടത്തുവാനും തീരുമാനിച്ചു. ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി. ഇമ്മാതിരി പുസ്ത പ്രദർശനങ്ങൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുവാനും തീരുമാനിക്കുകയുണ്ടായി.

19) വായനദിന-വാരാചരണക്കാലത്ത് കുട്ടികളുടെ പങ്കാളിത്തത്തിൽ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും സാഹിത്യനായകന്മാരുമായി സംവാദം ക്രമീകരിക്കുവാൻ തീരുമാനിക്കുകയും ഇതിനുവേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറേയും ജനറൽ കൺവീനർമാരേയും യോഗം ചുമതലപ്പെടുത്തി.

20) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർവഴി കൊടുത്തയച്ച നിർദ്ദേശം കമ്മിറ്റി പരിശോധിക്കുകയും വായനദിന-വാരാചരണക്കാലത്ത് കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് ഉണർവ്വും ശക്തിയും നൽകിയ എല്ലാ മഹത് വ്യക്തികളേയും സ്മരിച്ചുകൊണ്ട് വിവിധ സെമിനാറുകൾ എല്ലാ ഗ്രന്ഥശാലകളിലും സംഘടിപ്പിക്കുവാനും തീരുമാനിച്ചു.

21) സ്കൂൾ ലൈബ്രറികൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനങ്ങളും സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കുവാനും ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറേയും ജനറൽ കൺവീനർമാരേയും യോഗം ചുമതലപ്പെടുത്തി.

22) വായനദിന-വാരാചരണത്തോടനുബന്ധിച്ചുള്ള മേഖലാ സെമിനാറുകൾ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ, കോർപ്പറേഷൻ മേയർമാരേയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരേയും പങ്കെടുപ്പിച്ച് മാദ്ധ്യമങ്ങളുടെ സഹകരണത്തോടെ നടത്തുവാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടറേയും ജനറൽ കൺവീനർ മാരേയും യോഗം ചുമതലപ്പെടുത്തി.

23) എല്ലാ ജില്ലകളിലും സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ചിത്രരചനാ മത്സരം സംഘടിപ്പിക്കുവാനുള്ള ഉചിതമായ സർക്കുലർ തയ്യാറാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

24) തിരുവനന്തപുരം ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ചിത്രരചനാ മത്സരം മ്യൂസിയം കോമ്പൗണ്ടിൽ ജൂൺ 19-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് സംഘടിപ്പിക്കുവാനും അതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുവാനും മത്സരാർത്ഥികൾക്ക്

വേണ്ട ഡ്രോയിംഗ് പേപ്പർ, ലഘുഭക്ഷണം എന്നിവ നൽകുവാനും തീരുമാനിച്ചു. മേന്മയുള്ള എല്ലാ ചിത്രങ്ങളുടെയും പ്രദർശനം വി.ജെ.ടി. ഹാൾ / കനകക്കുന്ന് കൊട്ടാരം എന്നീ ഏതെങ്കിലും വേദിയിൽ സംഘടിപ്പിക്കുവാനും വിജയികൾക്ക് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുവാനും തീരുമാനിക്കുകയും ജനറൽ കൺവീനർമാരെ യോഗം ചുമതലപ്പെടുത്തി.

25) വായനദിന-വാരാചരണത്തിന്റെ ഭാഗമായി സമ്പൂർണ ഇ-സാക്ഷരതയ്ക്ക് പ്രധാന്യം നൽകി എല്ലാ ജില്ലകളിലും ഏഴു ദിവസം നീണ്ടുനിൽക്കുന്ന പ്രാദേശിക ജൻ വിജ്ഞാൻ വികാസ് യാത്രകൾ സംഘടിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ജനറൽ കൺവീനർമാരെ യോഗം ചുമതലപ്പെടുത്തി.

26) ജൂൺ 18-ാം തീയതി സംപ്രേഷണം ചെയ്യുന്ന വിധത്തിൽ ദൂർദർശൻ, ആകാശവാണി, വിക്ടേഴ്സ് ചാനൽ തുടങ്ങി മറ്റു ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ വഴി വിദ്യാഭ്യാസ മന്ത്രി നൽകുന്ന വായനദിന സന്ദേശം ജൂൺ 15-ാം തീയതി റിക്കോർഡ് ചെയ്യുവാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

27) പ്രമുഖ പത്രങ്ങളിൽ വായനദിന-വാരാചരണത്തിന്റെ വിവിധ വശങ്ങൾ പ്രതിപാദിച്ചുകൊണ്ട് കേരളത്തിലെ സാമൂഹിക-സാംസ്കാരിക നായകന്മാരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

28) വായനദിന-വാരാചരണദിനങ്ങളായ 19 മുതൽ 25 വരെ ഏഴു ദിവസവും വി.ജെ.ടി ഹാൾ/ കനകക്കുന്ന് കൊട്ടാരം എന്നീ ഏതെങ്കിലും ഒരു വേദിയിൽ തിരുവനന്തപുരം ജില്ലയിലെ ഏഴു സ്കൂളുകളുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കുവാനും അതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറേയും ജനറൽ കൺവീനർമാരേയും യോഗം ചുമതലപ്പെടുത്തി.

29) വായനദിന-വാരാചരണ പരിപാടികൾ വിവരിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ മന്ത്രിയുടെ പത്ര സമ്മേളനം ജൂൺ 10-നും 15-നും മധ്യേ സംഘടിപ്പിക്കുവാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

30) കേരളത്തിലെ 978 പഞ്ചായത്തുകളിലും, കുടുംബശ്രീ/സാക്ഷരത/എൻഎസ്എസ് പ്രവർത്തകരുടെയും, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഗുണഭോക്താക്കളുടേയും പങ്കാളിത്തത്തിൽ വായന ശീലമാക്കുവാൻ വിവിധ പരിപാടികൾ. സംഘടിപ്പിക്കാനുള്ള നിർദ്ദേശം എല്ലാ പഞ്ചായത്തുകൾക്കും നൽകുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

31) കേരളത്തിന് പുറത്ത് മലയാള ഭാഷ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി മറുനാടൻ മലയാളികളുടെ കൂട്ടായ്മകളിൽ വായനദിന-വാരാചരണം മുൻ വർഷങ്ങളിലെപ്പോലെ സംഘടിപ്പിക്കുവാനും ഈ വർഷം മുതൽ ഗൾഫ് മേഖലകളിൽകൂടി വ്യാപിപ്പിക്കുവാനും കമ്മിറ്റി തീരുമാനിച്ചു. ഇതിനുവേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ ജനറൽ കൺവീനർമാരെ യോഗം ചുമതലപ്പെടുത്തി.

32) കാലിക പ്രാധാന്യമുള്ള വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ചർച്ച, സെമിനാറുകളും, ശില്പശാലകളും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിൽ വി.ജെ.ടി ഹാൾ / കനകക്കുന്ന് കൊട്ടാരം എന്നീ ഏതെങ്കിലും വേദികളിൽ സാംസ്കാരിക വിദ്യാഭ്യാസ-സാഹിത്യ-രാഷ്ട്രീയ നായകന്മാരുടെയും മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും ഉദ്യോഗസ്ഥരുടെയും പങ്കാളിത്തത്തിൽ സംഘടിപ്പിക്കുവാൻ ജനറൽ കൺവീനർമാരെ യോഗം ചുമതലപ്പെടുത്തി.

33) ജില്ലാതലത്തിൽ വായനാദിന-വാരാചരണം സംഘടിപ്പിച്ച് വിജയപ്രദമാക്കുവാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ രക്ഷാധികാരികളായി ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റികൾ രൂപീകരിക്കുവാൻ മുൻ വർഷങ്ങളിലെപ്പോലെ ചീഫ് സെക്രട്ടറിയുടെ കത്ത് എല്ലാ കളക്ടർമാർക്കും അയയ്ക്കുവാൻ പൊതു വിദ്യാഭ്യാസ അഡീ. ചീഫ് സെക്രട്ടറിയെ യോഗം ചുമതലപ്പെടുത്തി. (കമ്മിറ്റിയുടെ ഘടന മുൻ വർഷത്തെപ്പോലെ-കോപ്പി ഇതോടൊപ്പം).

34) ഏറ്റവും നന്നായി വായനദിന-വാരാചരണം സംഘടിപ്പിക്കുന്ന ജില്ലയ്ക്ക് ഈ വർഷംമുതൽ എല്ലാവർഷവും പി.എൻ. പണിക്കർ റോളിംഗ് ട്രോഫി നൽകുവാൻ തീരുമാനിച്ചു. അതിനു വേണ്ട നടപടിക്രമങ്ങൾ ക്രമീകരിക്കുവാൻ ജനറൽ കൺവീനർമാരെ യോഗം ചുമതലപ്പെടുത്തി.

35) നോളജ് സെന്റർ പദ്ധതി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും അഞ്ചു യുവജനങ്ങൾവീതം പങ്കെടുക്കുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന റെസിഡൻഷ്യൽ പരിശീലന പരിപാടി തിരുവനന്തപുരത്ത് സംഘടിപ്പിക്കുവാൻ ജനറൽ കണവീനർമാരെ യോഗം ചുമതലപ്പെടുത്തി.

36) കേരളത്തിലെ 100 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന സമ്പൂർണ ഇ-സാക്ഷരത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാനും ജൂൺ 30ന് മുമ്പ് പ്രഖ്യാപനം നടത്തണമെന്നും തീരുമാനിച്ചു.

37) കേന്ദ്ര സർക്കാർ ഐറ്റി മന്ത്രാലയത്തിന്റെയും, വിദ്യാഭ്യാസ-ഐറ്റി-പഞ്ചായത്ത് വകുപ്പുകളുടേയും പങ്കാളിത്തത്തിൽ പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര, സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ ഇ-സാക്ഷരത പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി വിവിധ കമ്മിറ്റികൾ തീരുമാനങ്ങൾ ക്രോഡീകരിച്ച് വിദ്യാഭ്യാസ വകുപ്പിലൂടെ സർക്കാർ കല്പന തയ്യാറാക്കി എല്ലാ പഞ്ചായത്തുകളിലും ഉടനെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് അഡീ: സെക്രട്ടറി ശ്രീമതി. ടി.കെ. അജിതകുമാരിയെ യോഗം ചുമതലപ്പെടുത്തി.

38) പി.എൻ. പണിക്കർ പൂർണകായക പ്രതിമ നിർമ്മാണ പ്രവർത്തനങ്ങളുടെ നാളിതുവരെയുള്ള പുരോഗതി യോഗം വിലയിരുത്തുകയും ജൂൺ 30-ന് മുമ്പ് പ്രതിമ അനാച്ഛാദനം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും തിരുവനന്തപുരം പബ്ലിക് ലൈബ്രറി കോമ്പൗണ്ടിൽ മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ പ്രതിമയ്ക്ക് സമീപം പ്രതിമ പ്രതിഷ്ഠിക്കുവാനും അതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും നടത്തുവാൻ പ്രതിമ നിർമ്മാണ കമ്മിറ്റി ചെയർമാൻ മുൻ MP ശ്രീ. പന്ന്യൻ രവീന്ദ്രൻ, ജനറൽ കൺവീനർമാരയ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവി, മുൻ മന്ത്രി ശ്രീ. എം. വിജയകുമാർ ശ്രീ. എൻ. ബാലഗോപാൽ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

39) പി.എൻ. പണിക്കർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ഡെവലപ്മെന്റിന് സീഡ് ക്യാപിറ്റലായി 10 ലക്ഷം രൂപ 2016-17ലെ ബജറ്റിൽ അനുവദിച്ച മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക് കമ്മിറ്റി അഭിനന്ദിക്കുകയും നന്ദിരേഖപ്പെടുത്തുകയും ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകാംഗമായ അന്തരിച്ച മുൻ ചീഫ് സെക്രട്ടറി ശ്രീ. വി. രാമചന്ദ്രന് പകരം തെരഞ്ഞെടുത്ത മുൻ ചീഫ് സെക്രട്ടറി ഡോ. ഡി. ബാബുപോളിനെ ഉൾപ്പെടുത്തി ബൈലായിൽ മാറ്റം വരുത്തി എത്രയും വേഗം ഇൻസ്റ്റിറ്റ്യൂട്ട് രജിസ്റ്റർ ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ വൈസ് ചെയർമാൻ എൻ. ബാലഗോപാലിനെ യോഗം ചുമതലപ്പെടുത്തി.

40) പി.എൻ. പണിക്കർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ഡെവലപ്മെന്റിന് ഉചിതമായ സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കുവാൻ ചെയർമാൻകൂടിയായ വിദ്യാഭ്യാസ മന്ത്രിയേയും വൈസ് ചെയർമാൻ എൻ. ബാലഗോപാലിനെ യോഗം ചുമതലപ്പെടുത്തി.



വായിച്ച് വളരുക
ചിന്തിച്ച് വിവേകം നേടുക
-പി എൻ പണിക്കർ
ജൂൺ 19
വായനദിനം
21-ാമത്
വായനവാരാഘോഷം
2016 ജൂൺ 19-25
അറിവിലൂടെ സമ്പന്നനാകുക
ശാസ്ത്രത്തിലൂന്നി ശക്തനാകുക
സമ്പൂർണ
ഇ-സാക്ഷരത
യജ്ഞം
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്-
വിദ്യാഭ്യാസ - പഞ്ചായത്ത് വകുപ്പുകൾ
പി.എൻ. പണിക്കർ ഫൗണ്ടേഷൻ